## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.515     24.10.2011 ൽ മറുപടിക്ക്.**

## സ്വകാര്യ സ്കാനിംഗ് സെന്റർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**<br>**,, കെ. രാധാകൃഷ്ണൻ**<br>**,, വി. ചെന്താമരാക്ഷൻ**<br>**,, കെ. ദാസൻ** | **ശ്രീ. അടൂർ പ്രകാശ്**<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| **എ)**സർക്കാർ ഡോക്ടർമാർ സ്വകാര്യ സ്കാൻ സെന്ററുകളിലേക്ക് രോഗികളെ അയച്ച് കമ്മീഷൻ വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ)**മാധ്യമങ്ങൾ വഴി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **ബി)**അത് തടയാൻ മുൻ സർക്കാർ സ്വീകരിച്ച നടപടികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | **ബി)**ആരോഗ്യ വകുപ്പിൽ ആർ.എസ്.ബി.വൈ പദ്ധതി പ്രകാരം സ്വകാര്യ സ്കാനിംഗ് സെന്ററുകളുമായി ആശുപത്രികൾ ഉടമ്പടിയിൽ ഏർപ്പെടുകയും ഏറ്റവും കുറഞ്ഞ തുകയ്ക്ക് സ്കാനിംഗ് നടത്തുവാൻവേണ്ട സൗകര്യം ഒരുക്കുകയും ചെയ്തിട്ടുണ്ട്. ആർ.എസ്.ബി.വൈ കാർഡുള്ള എല്ലാവർക്കും ഈ സൗജന്യം ലഭിക്കുന്നുണ്ട്.<br><br>കൂടാതെ, പ്രധാനപ്പെട്ട ജില്ല / ജനറൽ ആശുപത്രികളിൽ സി.ടി.സ്കാൻ ലഭ്യമാക്കാൻവേണ്ട നടപടികൾ പൂർത്തിയായിവരുന്നു. ഒട്ടുമിക്ക ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളിലും, അൾട്രാസൗണ്ട് സ്കാൻ സൗകര്യം ലഭ്യമാക്കാനും റേഡിയോളജിസ്റ്റിന്റെ സേവനം സ്ഥിരമായോ കരാർ അടിസ്ഥാനത്തിലോ ലഭ്യമാക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഇത്തരം കേസുകൾ തടയുന്നതിലേയ്ക്കായി കോട്ടയം, തൃശ്ശൂർ, |

ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ എച്ച്.എൽ.എൽ ന്റെ സഹായത്തോടെ എം.ആർ.ഐ സ്കാൻ സെന്ററുകൾ ആരംഭിക്കുകയും, ഈ സ്കാനിംഗ് സെന്ററുകളിൽ സ്കാനിംഗ് സൗകര്യം ലഭ്യമല്ലെങ്കിൽ മാത്രമേ ആശുപത്രിക്ക് പുറത്തുള്ള സ്കാനിംഗ് സെന്ററുകളിലേയ്ക്ക് റഫർ ചെയ്യാവൂ എന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ എം.ആർ.ഐ സ്കാൻ സ്ഥാപിച്ചിട്ടുണ്ട്. പി.എം.എസ്. എസ്.വൈ പദ്ധതി മുഖേന തിരുവനന്തപുരം മെഡിക്കൽ കോളേജിലും എം.ആർ.ഐ സ്കാൻ സ്ഥാപിച്ചിട്ടുണ്ട്.

| | |
|---|---|
| **സി)** ഇക്കാര്യത്തിൽ എന്തെങ്കിലും വ്യത്യസ്ത നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | **സി)** പ്ലാൻ ഫണ്ട് വഴിയും 12 -ാം ധനകാര്യ കമ്മീഷൻ പ്രൊപ്പോസൽ പ്രകാരവും സംസ്ഥാനത്തെ സർക്കാർ ലാബുകൾ ആധുനികവൽക്കരിക്കാനും ശക്തിപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br>സ്വകാര്യ ആശുപത്രികൾ, പരിശോധനാകേന്ദ്രങ്ങൾ എന്നിവയെ സർക്കാരിന്റെ നിയന്ത്രണത്തിനു വിധേയമാക്കുന്നതിന്റെ ഭാഗമായി രജിസ്ട്രേഷൻ, റഗുലേഷൻ ആന്റ് അക്രഡിറ്റേഷൻ ബിൽ കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

Ajayakumar

**സെക്ഷൻ ഓഫീസർ**